

വയൽക്കരയിലെ
വർണാക്ഷരങ്ങൾ...
2019-2020
DIGITAL MAGAZINE
GHSS vayakkara -LITTLE KITEs- (2019-21)

# EDITORIAL BOARD

അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന
ലവിവരസാങ്കേതികവിദ്യയുടെ വിജ്ഞ
നസരണിയിൽ നിന്ന് അളവറ്റ മുത്തുകളും
ചിപ്പികളും വാരിപ്പിക്കാനുള്ള കുതിപ്പിലാണ്
"LITTLE KITEs" എന്നകുട്ടുകുടുംബത്തിലെ നവാതി
ഥികളായ ഞങ്ങൾ........

ഞങ്ങളുടെ ചെറിയ ഭാവനകൾ... സ്വപനങ്ങൾ
ശേഷികൾ....വിസ്മയങ്ങൾ...അത്ഭുതകാഴ്ച്ചകൾ ........
ചെറിയ അറിവുകൾ .....എല്ലാം....അപൂർണ്ണമായിപല്ലെ
അവതരിപ്പിക്കുന്നു.......

സ്വീകരിച്ചാലും

അനുഗ്രഹിച്ചാലും

Chief Editor:SREYA P V (unit leader)
Sub Editor; Darsana .s.nair, Sherin sultana
Art Editor : Vyshnav C K' Pranav P S

# താളുകൾ മറിക്കുമ്പോൾ


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ജി എച്ച് എസ് എസ് വയക്കര -ആമുഖം | **4** |
| 2 | ആമുഖം | **5-6** |
| 3 | അടുക്കളത്തോട്ടം | **7** |
| 4 | സ്വർണമീനും കാക്കയും (കഥ ) | **8** |
| 5 | ചാന്ദ്രയാൻ -2 ( ശാസ്ത്രലേഖനം ) | **9** |
| 6 | വീണ്ടടഞ്ഞ സ്വപ്നം (കവിത ) | **10** |
| 7 | വിവിധക്ലബ്ബുകളുടെ ഉദ്ഘാടനം | **11** |
| 8 | **You Forgave Me ( English poem )** | **12** |
| 9 | പ്രകൃതിബോധം | **13** |
| 10 | ദിനാചരണങ്ങൾ | **14** |
| 11 | കൗതുക വിജ്ഞാന  ശിഖരം | **15** |
| 12 | എപിജെ അബ്ദുൾ കലാം  -വ്യക്തി വിശേഷം | **16-18** |
| 13 | കേരളത്തിലെ വംശനാശം നാശം നേരിടുന്ന പക്ഷികൾ | **19** |
| 14 | ഓണാഘോഷം | **20** |
| 15 | ശ്രദ്ധ  -  മികവിലേക്കൊരു ചുവട് | **21** |
| 16 | സൈബോർഗ് | **22** |
| 17 | ചിത്രശാല | **23** |
| 18 | വലയ സൂര്യഗ്രഹണം | **24** |
| 19 | കലാകായിക പ്രവർത്തിപരിചയമേള | **25** |
| 20 | സൗരവിസ്മയം | **26** |
| 21 | പുതുവത്സരാഘോഷം | **27** |
| 22 | കലാകായിക പ്രവർത്തിപരിചയോത്സവം | **28** |
| 23 | പടിയിറങ്ങുമ്പോൾ | **29** |
| 23 | മഷിത്തീരും മുമ്പേ..... | **30** |

# 3 ജി എച്ച് എസ് എസ് വയക്കര



**VINOD KUMAR A K (PRINCIPAL)**

**ANITHA P(HEAD MISTRESS)**

**P N MANOJ KUMAR (P T A PRESIDENT)**



# ആമുഖം

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളെ നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ, അവിടെ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ കാമ്പും കാതലും വളരെ മികച്ചതാണ്. മാതൃകാപരമായ അക്കാദമിക് പ്രവർത്തനങ്ങൾകൊണ്ട് ശ്രദ്ധേയമായ ഒട്ടേറെ പൊതു വിദ്യാലയങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അതിലൊരു വിദ്യാലയമാണ് നമ്മുടെ വിദ്യാലയമായ ജി. എച്ച്. എസ്. എസ്. വയക്കര. പഠനത്തിലും കായിക മികവിലും മുൻപന്തിയിലാണ് ഈ വിദ്യാലയം. SPC, JRC, NSS, Little Kites തുടങ്ങിയവയുടെ പ്രവർത്തനങ്ങളും വിദ്യാലയത്തിൽ നടന്നുവരുന്നു. ജനപ്രധിനിധികളും പൊതുസമൂഹവും അധ്യാപകരും രക്ഷിതാക്കളും എല്ലാകാലത്തും വയക്കര സ്കൂളിന് താങ്ങും തണലുമായി നിൽക്കുന്നു. ഒട്ടനവധി നേട്ടങ്ങൾ നമ്മുടെ സ്കൂൾ കൈവരിച്ചിട്ടുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും സ്നേഹപൂർവ്വം സ്മരിക്കുന്നു.

എസ് എസ് എൽ സി പരീക്ഷയ്ക്ക് 100% വിജയം, 3 കുട്ടികൾക്ക് എല്ലാ വിഷയത്തിനും A+,പ്ലസ്ടു 2 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും A+, 6 കുട്ടികൾക്ക് LSS, 2 കുട്ടികൾക്ക് USS എന്നിവ നമ്മുടെ സ്കൂളിന്റെ നേട്ടങ്ങളാണ്.കഴിഞ്ഞ വർഷം നമ്മുടെ സ്കൂളിൽ നിന്ന് USS ഗിഫ്റ്റഡ് ചില്ഡ്രൺ വിഭാഗത്തിലേക്ക് ഒരു കുട്ടി തിരഞ്ഞെടുക്കപ്പെട്ടു. ഹാൻഡ്ബോളിൽ മികച്ച വിജയം പുലർത്തുന്ന വിദ്യാലയമാണ് നമ്മുടേത് .നമ്മുടെ സ്കൂളിലെ പൂർവ്വവിദ്യാർഥികളായ അഞ്ജലി വേണു, ദിൽന ജോർജ് എന്നീ കുട്ടികളെ ദേശീയ ഹാൻഡ്ബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

നമ്മുടെ സ്കൂളിന്റെ ഈ വിജയത്തിന് പിന്നിൽ അധ്യാപകരുടെയും വിദ്യാർഥികളുടെയും കഠിനാധ്വാനവും രക്ഷിതാക്കളുടെ പിന്തുണയുമാണ്.

## അക്കാദമിക് പ്രവർത്തനങ്ങൾ

### *നൂറുമേനിക്ക് നിലമൊരുക്കൽ*

**സായാഹ്ന ക്ലാസ്**

SSLC പരീക്ഷയ്ക്ക് മുന്നൊരുക്കമായി സായാഹ്ന ക്ലാസുകൾ, മാനസിക സമ്മർദ്ദം ഒഴിവാക്കാനായി യോഗാക്ലാസുകൾ എന്നിവ നടത്തിവരുന്നു. കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രത്യേക ക്ലാസുകൾ നടത്തിവരുന്നു.

**താങ്ങും തണലും**

രണ്ട് വർഷമായി കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിദുരന്തമാണ് പ്രളയം. ലക്ഷക്കണക്കിന് ആളുകൾക്ക് നാശം വിതച്ചുകൊണ്ടാണ് പ്രളയം കടന്നു പോയത്.

വയൽക്കരയിലെ വർണ്ണാക്ഷരങ്ങൾ

ദുരിതമനുഭവിക്കുന്നവർക്കായി ഫണ്ട് രൂപീകരണവും മറ്റ് സഹായശേഖരണവും നടത്തി. SPC, 5JRC, NSS തുടങ്ങിയ ഗ്രൂപ്പുകളും ടീച്ചേഴ്സ് അസോസിയേഷനും രക്ഷിതാക്കളും ഫണ്ട് ശേഖരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അയച്ചുകൊടുത്തു. സ്കൂളിലെ എല്ലാവിദ്യാർഥികളും ഇതിൽ പങ്കാളികളായി.

## SPC, JRC, Little Kites, NSS പ്രവർത്തനങ്ങൾ

കുട്ടികളിൽ ഉത്തരവാദിത്വബോധവും സാമൂഹികബോധവും വളർത്തിയെടുക്കുവാനായി സ്കൂളിൽ നടത്തിവരുന്ന പ്രവർത്തനങ്ങളാണ് SPC, JRC, NSS മുതലായവ. ഇതിന്റെ ഭാഗമായി ധാരാളം പ്രവർത്തനങ്ങൾ ഈ യൂണിറ്റുകൾ നടത്തി വരുന്നു. വൃദ്ധസദനസന്ദർശനം, പരിസ്ഥിതി സംരക്ഷണം, ട്രാഫിക് ബോധവൽക്കരണം, സാമൂഹ്യസേവനം എല്ലാം നടത്തിവരുന്നു. Little Kites ന്റെ ഭാഗമായി കുട്ടികൾക്ക് ക്യാമറ പരിശീലനം, ആനിമേഷൻ, പ്രോഗ്രാമിംഗ് പ്രവർത്തനങ്ങൾ എല്ലാം പരിശീലിപ്പിച്ചുവരുന്നു. ടെക്നോളജിയുടെ പുതിയ ലോകത്ത് കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുകയാണ് Little Kites ന്റെ ലക്ഷ്യം.

## PTA പ്രവർത്തനങ്ങൾ

സ്കൂളിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ PTA പ്രവർത്തനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. സ്കൂളിന്റെ വികസനങ്ങൾക്കുപിന്നിൽ PTA യുടെ കഠിന പരിശ്രമവും പിന്തുണയും എടുത്തു പറയേണ്ടതാണ്. സ്കൂളിൽ നടത്തപ്പെടുന്ന എല്ലാ പരിപാടികൾക്കും എന്ത് ആവശ്യമുണ്ടായാലും PTA പ്രസിഡന്റും അംഗങ്ങളും സജീവ സാന്നിധ്യമായി എത്താറുണ്ട്. സ്കൂളിന്റെ നന്മയ്ക്കുവേണ്ടി എന്നും തണലായി PTA ഒപ്പമുണ്ട്. സ്കൂളിന്റെ ശുചിത്വം ഉറപ്പാക്കുകയും വിദ്യാർഥികളുടെ സുരക്ഷയും അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു.

## ശ്രദ്ധ, മികവിലേക്കൊരു ചുവട്

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയരങ്ങളിലെത്തിക്കണമെന്ന ഉദ്ദേശത്തോടുകൂടി നടത്തിവരുന്ന പഠനപരിപാടിയാണ് ശ്രദ്ധ. ഒന്നുമുതൽ പത്താം തരംവരെയുള്ള കുട്ടികളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ തിരഞ്ഞെടുത്ത് പ്രത്യേകം ക്ലാസുകൾ നൽകിവരുന്നു. അദ്ധ്യാപരുടെ കഠിനപപരിശ്രമം ഇതിൽ ശ്രദ്ധേയമാണ്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

കുട്ടികളിൽ ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുവാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സ്കൂളിൽ പ്രത്യേക അധ്യാപികയെ ഏർപ്പാടാക്കിയിട്ടുണ്ട്. നന്മയുള്ളവരായി കുട്ടികളെ വാർത്തെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഫലമായി കുട്ടികൾ ക്കിടയിലെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

# അടുക്കളത്തോട്ടം



# സ്വർണമീനും കാക്കയും



ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ."അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തു ഭംഗിയാണെനിക്ക്!" , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും.അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽവെട്ടിത്തിളങ്ങുന്നത് കാക്കചേട്ടന്റെ കണ്ണിൽപ്പെട്ടു.ഹയ്യടാ , അതൊരു സ്വർണമീനാണല്ലോ!", കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് ! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകോണ്ടുള്ളൂ.ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം  ഉള്ളതുകൊണ്ടാണ് കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസിലായി.അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി.

*ഗുണപാഠം :: നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും....*

**നിരഞ്ജന മനു**

**3 A**

# ചന്ദ്രയാൻ-2



ISRO ഏറ്റെടുത്ത് നിർമ്മിക്കാൻ തീരുമാനിച്ച രണ്ടാമത്തെ ചാന്ദ്രപര്യവേഷണ ദൗത്യമാണ് ചന്ദ്രയാൻ-2. റോബോട്ടുകൾ കൂടി ഉൾപ്പെടുന്ന ഈ ദൗത്യത്തിന്റെ ചെലവ് 978 കോടി രൂപയാണ്. ചാന്ദ്രപേടകവും ലാന്ററും റോവറും അടങ്ങുന്ന ചന്ദ്രയാൻ-2 ജി.എസ്.എൽ.വി മാർക്ക് 3 വിക്ഷേപണ വാഹനം ഉപയോഗിച്ചാണ് വിക്ഷേപിച്ചിട്ടുള്ളത്. ചക്രങ്ങൾ ഘടിപ്പിച്ച റോവർ ചന്ദ്രോപരിതലത്തിലെ പാറകളുടെയും മണ്ണിന്റേയും തത്സമയ രസതന്ത്രപഠനത്തിന് സഹായിക്കുന്നു. ഈ വിവരങ്ങൾ ചന്ദ്രയാൻ-2 പേടകത്തിന്റെ സഹായത്തോടെ ഭൂമിയിലേയ്ക്ക് അയയ്ക്കപ്പെടുകയും ചെയ്യും. ചന്ദ്രയാൻ 1-ന്റെ വിജയത്തിനു കാരണമായ ഡോ. മയിൽസ്വാമി അണ്ണാദുരരൈയുടെ നേതൃത്വത്തിലുള്ള ദൗത്യസംഘമാണ് ചന്ദ്രയാൻ 2-നു വേണ്ടി പ്രവർത്തിക്കുന്നത്.ചന്ദ്രജലത്തിന്റെ സ്ഥാനവും സമൃദ്ധിയും മാപ് ചെയ്യുക എന്നതാണ് പ്രധാന ശാസ്ത്രീയ ലക്ഷ്യം.2019 സെപ്റ്റംബർ 7 നു പുലർച്ചെ നടന്ന സേഫ്റ്റ് ലാന്റിങിന്റെ അവസാനഘട്ടത്തിൽ ചന്ദ്രോപരിതലത്തിനു 2.1 കിലോമീറ്റർ ഉയരത്തിൽ വെച്ച് വിക്രം ലാന്ററുമായുള്ള ബന്ധം ചന്ദ്രയാൻ 2 -ന്റെ പ്രധാനഭാഗമായ ഓർബിറ്ററിനു നഷ്ടപ്പെട്ടു. ഇന്ത്യൻ ബഹിരാകാശ ഗവേഷണസംഘടനയുടെ ചെയർമാൻ ഡോ. കെ ശിവൻ 7 ആം തിയതി പുലർച്ചെ 2.18 ഇക്കാര്യം അറിയിക്കുകയായിരുന്നു. ഇതേ ദിവസം രാവിലെ 1.23 നു ചന്ദ്രോപരി തലത്തിൽ ഇറങ്ങുവാൻ ആയിരുന്നു പദ്ധതി ഉണ്ടായിരുന്നത്.

**ഫാത്തിമ 8 C**

# വീണടഞ്ഞ സ്വപ്നം

ആരോട്ട പറയുമെൻ നൊമ്പരം
ഞാൻ ആരോട്ട പറയുമെൻ വേദന
പകലന്തിയോളം വിയർത്തു മെനഞ്ഞൊരാ-
ക്കൂടിതം കാറ്റിൽ പറന്നു പോയി
ലാളിച്ചപെറ്റ വളർത്തിയെൻ കുരുന്നിന്റെ
ചിറകിതം വെയിലറ്റ കരിഞ്ഞു പോയി
ആശിച്ച മോഹിച്ച ഞാൻ കണ്ട കിനാവുകൾ
വേനൽ മഴയിൽ ഒലിച്ചപോയി




ആരോട്ട പറയുമെൻ നൊമ്പരം?
ആരോട്ട പറയുമെൻ വേദന

ദാഹിച്ച വലയുമെൻ കുരുന്നിന്
ഒരു തുള്ളി വെള്ളമില്ലാതായി
ഞാൻ ആരോട്ട പറയുമെൻ വേദന
ഓടിമറഞ്ഞങ്ങോ പോയി
ആരോട്ട പറയുമെൻ നൊമ്പരം
ഞാൻ ആരോട്ട പറയുമെൻ വേദന

ശ്രേയ.എ.വി
7c

# വിവിധക്ലബ്ബുകളുടെ ഉദ്ഘാടനം



# You Forgave Me

***You forgave me for things I did't do;***
***You forgave me for bad things I did.***
***You loved me, no matter what, dear Mom.***
***I'm so happy to be your kid.***

***You forgive me all the time, dear Mom,***
***Then you guide me to a better way.***
***I'm blessed with your unconditional love;***
***I appreciate you every day.***



DEVANANDHA.P

6 C

# പ്രകൃതിബോധം

**"പ്രകൃതിക്ക് പച്ചവേഷം**

**മനുഷ്യന് കത്തിവേഷം"**

*ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങൾക്ക് പ്രകൃതി നൽകുന്ന അടിക്കുറിപ്പാണിത്. പ്രകൃതിയും മനുഷ്യനും, മറ്റുജീവജാലങ്ങളും എല്ലാം അടങ്ങുന്ന മഹാശൃംഖലയുടെ കണ്ണികൾ അഴിഞ്ഞഴിഞ്ഞ് മഹാ നാശത്തിലേക്ക് നീങ്ങുകയാണ്... അടുത്തടുത്ത് വന്ന രണ്ട് പ്രളയങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നത് പ്രകൃതിക്കൊരു പ്രത്യയശാസ്ത്രം ഉണ്ട് എന്ന് തന്നെയാണ്. അമിതമായി ചൂഷണം ചെയ്യാതെ , കൂട്ടായ്മയുടെയും , സഹകരണത്തിന്റെയും , സമവാകം നമുക്ക് ശീലമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു . അധിനിവേശത്തിന്റെ പാത വെടിഞ്ഞ്, സർവ്വം സഹയായ പ്രകൃതിയുടെ മാസ്മരിക സൗന്ദര്യം ആവോളം ആസ്വദിക്കാൻ പ്രകൃതി നമ്മോട് ആവശ്യപ്പെടുന്നു .... ഒപ്പം .... സഹവർത്തിത്വത്തിന്റെ ബാലപാഠങ്ങൾ മറക്കരുതെന്ന് ശക്തമായ താക്കീതും ....*



DEEPA CHANDRAN

(H S A)

# ദിനാചരണങ്ങൾ













# കൗതുക വിജ്ഞാന ശിഖരം



**1.** ആരാണ് പ്രകൃതിയുടെ ബറാക്ക് ഒബാമ**?**
ഉ **:** വംശനാശ ഭീഷണി നേരിടുന്ന ഒരു പായൽ

**2.**ജോർജ്ജ് ബുഷിന്റെ വളർത്തു പൂച്ചയുടെ പേര് അറിയാമോ**?**
ഉ **:** ഇന്ത്യ

**3.** ആരാണ് പാട്ടുകാരൻ ഗ്രഹം**?**
ഉ **:** യുറാനസ്

**4.**"എട്രോപ്ലസ് സൂറാറ്റെൻസിസ്" കഴിച്ചിട്ടുണ്ടോ**?**
ഉ **:** കരിമീനാണുഞാൻ

**5. 8** കാലുള്ളവൻ എട്ടുകാലി. എന്നാൽ എട്ടു കണ്ണുള്ളവനോ**?**
ഉ **:** അവനും എട്ടുകാലി തന്നെ

**6.**"ഷോക്ക് അബ്സോർബർ" ഉള്ള പക്ഷി ഏത്**?**
ഉ **:** മരം കോത്തി

**7.** എന്റെ വീട്ടിലെ ചെടിച്ചട്ടിയിൽ "അമിതാബ്ബച്ചൻ"ഉണ്ട്. കാണണോ**?**
ഉ **:**ഒരിനംഓർക്കിഡ്

**8.** എന്റെ മൂക്ക് എന്റെ കൊക്കിലാണ്. ആരാണ് ഞാൻ**?**
ഉ **:**കിവി

**കിരൺ 8B**

# കക്ക പെറുക്കിയും പത്രം വിറ്റും ഇന്ത്യയോളം വളർന്ന കലാം



രാമേശ്വരത്തെ ഒരു ശരാശരി മുസ്ലീം കുടുംബത്തിൽ നിന്ന് ലോകത്തിന്റെ നെറുകയിലേക്കെത്തിയ അത്ഭുത് പ്രതിഭാസം എന്ന് വേണമെങ്കിൽ അപുൽ പകീർ ജൈനല്ലബ്ദീൻ അബ്ദുൾ കലാം എന്ന എപിജെ അബ്ദുള്കലാമിനെവിശേഷിപ്പിയ്ക്കാം.പൈലറ്റാവാൻ കൊതിച്ച്, സാഹിത്യത്തെ ഏറെ പ്രണയിച്ച്, ഇന്ത്യൻ ബഹിരാകാശസ്വപ്നങ്ങൾക്ക് നിറംപകർന്ന്, രാജ്യസുരക്ഷയുടെ മിസൈൽ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച്, ഇന്ത്യയുടെ പ്രഥമ പൗരനായി ലളിത ജീവിതം നയിച്ച്, വിദ്യാർത്ഥികളോട് സംവദിച്ച് മതിയാകാതെ കലാം കാലത്തിന്റെ അരങ്ങിൽ നിന്ന് വിടവാങ്ങിയിരിയ്ക്കുന്നു.

എപിജെ അബ്ദുൾ കലാം എന്ന വാക്ക് ഇന്ത്യൻ യുവത്വത്തിന്റെ പ്രചോദനമാണെന്നും. അതിരുകളില്ലാതെ സ്വപം കാണാൻ പറഞ്ഞ, പഠിപ്പിച്ച ആ ഏകാന്ത പഥികന്റെ ജീവിത വഴികളിലൂടെ...

എപിജെ അബ്ദുൾ കലാം എന്ന വാക്ക് ഇന്ത്യൻ യുവത്വത്തിന്റെ പ്രചോദനമാണെന്നും. അതിരുകളില്ലാതെ

വയൽക്കരയിലെ വർണ്ണാക്ഷരങ്ങൾ

സ്വപം കാണാൻ പറഞ്ഞ, പഠിപ്പിച്ച ആ ഏകാന്ത പഥികന്റെ ജീവിത വഴികളിലൂടെ...

## കക്ക പെറുക്കിയും പത്രം വിറ്റും

അത്ര സുരഭിലമായിരുന്നില്ല കലാമിന്റെ ബാല്യം. കടൽതീരത്ത് നിന്ന് കക്കപെറുക്കി വിറ്റും പത്രവിതരണത്തിൽ സഹായിച്ചും അദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിന് പണം കണ്ടെത്തിയിരുന്നതായി പലരും ഓർക്കുന്നു.

## പൈലറ്റാവാൻ കൊതിച്ച്

മകനെ കളക്ടറാക്കണം എന്നായിരുന്നു പിതാവിന്റെ ആഗ്രഹം. എന്നാൽ കലാമിന്റെ മനസ്സിൽ ആകാശങ്ങളെ കീഴടക്കുന്ന പൈലറ്റ് ആകണം എന്നായിരുന്നു മോഹം

## ഭൗതികശാസ്ത്രത്തിൽ ബിരുദം

ട്രിച്ചിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് ഭൗതിക ശാസ്ത്രത്തിലാണ് കലാം ബിരുദം നേടിയത്. തന്റെ പഠനകാലത്തെ ഏറ്റവും മോശം കാലമായിട്ടാണ് അദ്ദേഹം ബിരുദ പഠനത്തെ സ്വയം വിലയിരുത്തിയിട്ടുള്ളത്.

## എയ്റോനോട്ടിക്ക് എൻജിനീയർ

ഫൈറ്റർ പൈലറ്റ് ആകാനുള്ള മോഹം പൊലിഞ്ഞതോടെയാണ് കലാം ചെന്നൈ ഐഐടിയിൽ നിന്ന് എയ്റോസ്പേസ് എൻജിനീയറിംഗിൽ ഉന്നത ബിരുദമെടുത്തത്. പിന്നീട് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൽ എൻജിനീയറായി

## മലയാളിയുടെ പ്രചോദനം

കലാമിനെ റോക്കറ്റ് എൻജിനായറാക്കി മാറ്റിയതിന് പിന്നിൽ ഒരു മലയാളി സ്പർശമുണ്ട്. ടാറ്റ ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിന്റെ ഡയറക്ടർ ആയിരുന്ന എംജികെ മേനോൻ ആയിരുന്നു കലാമിന് പ്രചോദനമായത്.

## ഐഎസ്ആർഒ

കലാമിന്റെ വളർച്ചയുടെ പടവുകൾ തുടങ്ങുന്നത് ഐഎസ്ആർഒയിൽ നിന്നായിരുന്നു. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വിക്രം സാരാഭായുടെ ക്ഷണം സ്വീകരിച്ചാണ് കലാം ഐഎസ്ആർഒയിൽ എത്തുന്നത്.

## ഇന്ത്യയുടെ മിസൈൽ മാൻ

ഇന്ത്യയുടെ മിസൈൽ മാൻ എന്നാണ് അബ്ദുൾ കലാം അറിയപ്പെടുന്നത്. ബാലിസ്റ്റിക് മിസൈൽ, സർഫസ് ടു സർഫസ് മിസൈൽ എന്നിവയ്ക്കൊപ്പം കലാമിന്റെ പേരും എഴുതിച്ചേർക്കപ്പെട്ടു.

## ഭാരതരത്ന

രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഭാരതരത്ന നൽകി ആദരിച്ച വ്യക്തിയാണ് കലാം. 1997 ലാണ് അദ്ദേഹത്തിന് ഭാരത രത്ന നൽകുന്നത്. അതിനു മുമ്പ് 1990 ൽ പത്മവിഭൂഷണം ലഭിച്ചിരുന്നു.

## ശാസ്ത്രജ്ഞനായ പ്രസിഡന്റ്

ഇന്ത്യയുടെ 11-ാം രാഷ്ട്രപതിയായി അദ്ദേഹം ചുമതലയേൽക്കുമ്പോൾ ഏറെ പ്രത്യേകതകൾ ഉണ്ടായിരുന്നു. രാജ്യത്തെ ആദ്യത്തെ ശാസ്ത്രജ്ഞനായ പ്രസിഡന്റ്, അവിവാഹിതനായ പ്രസിഡന്റ്....

## ഡോക്ടറേറ്റുകളുടെ ബഹളം

അബ്ദുൾ കലാമിൻറെ ജീവിതത്തിൽ ഡോക്ടർ ബിരുദങ്ങളുടെ പ്രളയമായിരുന്നു. 30 ഓളം സർവ്വകലാശാലകളാണ് അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകിയിട്ടുള്ളത്.

## മരണം

2015 ജൂലൈ 27 ന് ഷില്ലോംഗിൽ വച്ച് കലാം അന്തരിച്ചു. ഷില്ലോംഗിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച്, 'വാസയോഗ്യമായ ഗ്രഹങ്ങൾ' എന്ന വിഷയത്തിന്റെ പേരിൽ കുട്ടികൾക്ക് ക്ലാസെടുത്തുകൊണ്ടിരിയ്ക്കുമ്പോൾ പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് അദ്ദേഹം കുഴഞ്ഞുവീഴുകയായിരുന്നു. സംഭവസ്ഥലത്തുവച്ചുതന്നെ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. പിന്നീട് മൃതദേഹം ആദ്യം ഡൽഹിയിലെ വസതിയിലേയ്ക്ക് കൊണ്ടുപോയി. തുടർന്ന് ജന്മനാടായ രാമേശ്വരത്തെത്തിച്ചു. അവിടെയുള്ള പൈക്കറുമ്പ് ശ്മശാനത്തിൽ വച്ച് പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി, അന്നത്തെ കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി തുടങ്ങിയ പ്രമുഖർ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ പങ്കെടുത്തു.

**ശ്രേയ. പി. വി 9A**

# കേരളത്തിലെ വംശനാശം നാശം നേരിടുന്ന പക്ഷികൾ

**ആട്ടക്കാരൻപക്ഷി**

**(White browed fantail)**



**അടക്കാക്കുരുവി**

**(Tailor bird)**



**മഞ്ഞക്കിളി**

**(Black Hooded Oriole)**



**അസുരത്താൻ**

**(Commonwood shrike)**



**ചെമ്പോത്ത്**

**(Greter Coucal)**



**പുള്ളിനത്ത്**

**(Spotted Owlet)**



**അമൽജിത്ത്**

**9A**

# ഓണാഘോഷം














# ശ്രദ്ധ

- മികവിലേക്കൊരു ചുവട്





# സൈബോർഗ്



"സൈബർനെറ്റിക് ഓർഗാനിസം" എന്നതിന്റെ ചുരുക്കപ്പേരാണ് സൈബോർഗ്. ജൈവീകവും യന്ത്രികവുമായ ശരീരഭാഗങ്ങൾ കൂടിച്ചേർന്ന മസ്തിഷ്കത്തിൽ വരെ യന്ത്ര സംവിധാനങ്ങളുള്ള മനുഷ്യയന്ത്രങ്ങളാണിവ. മസ്തിഷ്കത്തിനുള്ളിലെ ചിപ്പുകൾ ഓർമ്മശക്തി വർധിപ്പിക്കുന്നു. മനുഷ്യപരിണാമത്തിന്റെ അടുത്തഘട്ടം തീരുമാനിക്കുന്നത് സൈബോർഗുകൾ ആയിരിക്കും. *2016* ൽ ആദ്യത്തെ സൈബോർ ഗ് ഒളിമ്പിക്സ് നടന്നു. കൃത്രിമ ബുദ്ധി മനുഷ്യ ബുദ്ധിക്കുമേലെ ആയാൽ അവർ ഭൂമിയുടെ അവകാശികളാകാം.

അതും ഭീഷണിതന്നെ.....

എന്തായാലും കാത്തിരുന്നുകാണാം.....

# ചിത്രശാല





**വൈഷ്ണവ് സി കെ**

**10C**




വയൽക്കരയിലെ വർണ്ണാക്ഷരങ്ങൾ

**പ്രണവ് പി എസ്**

**9 D**

# വലയ സൂര്യഗ്രഹണം (Annular eclipse)

## (2019 ഡിസംബർ 26)



***2019 ഡിസംബർ 26 നവലയ സൂര്യഗ്രഹണം ദർശിച്ചു. സൂര്യനും ഭൂമിക്കും ഇടയിൽ ചന്ദ്രനവരുമ്പോൾസൂര്യൻ ഭാഗികമായോ, പൂർണ്ണമായോ മറയപ്പെടുന്ന പ്രതിഭാസമാണ് സൂര്യഗ്രഹണം. ഭൂമിയിൽ നിന്ന്നോക്കുമ്പോൾ സൂര്യനും ചന്ദ്രനും ഒരു സ്ഥാനത്ത് ഒത്തുചേരുന്ന കറുത്തവാവ് ദിവസമാണ് സൂര്യഗ്രഹണം നടക്കുക. ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചന്ദ്രന്റെ കോണീയവ്യാസം സൂര്യന്റേതിനെക്കാൾ ചെറുതാണെങ്കിൽ ഗ്രഹണസമയത്ത് സൂര്യബിംബത്തിന്റെ ബാഹ്യഭാഗം ഒരു വലയം പോലെ ചന്ദ്രനു വെളിയിൽ കാണാനാകും. ഇത്തരം സൂര്യഗ്രഹണങ്ങളാണ് വലയ സൂര്യഗ്രഹണം (Annular eclipse) എന്ന് അറിയപ്പെടുന്നത്. ഒരു വലയസൂര്യഗ്രഹണം ആയിരക്കണക്കിനു കിലോമീറ്റർ വീതിയിൽ ഭാഗീകമായി നിരീക്ഷിക്കാൻ സാധിക്കും.***

***ദർശന നായർ 9A***

# സൗരവിസ്മയം

## ജി എച്ച് എസ് എസ് വയക്കര









# പുതുവത്സരാഘോഷം

## മുടിയേറ്റ്





# "കലാകായിക പ്രവർത്തി പരിചയോത്സവം"














# പടിയിറങ്ങുമ്പോൾ............

**ശ്രീമതി അനിത പി(H M)**



**ശ്രീ കൃഷ്ണൻ  ടി**



**സുശീലദേവി എൻ എം**



**ജസീന്ത എം**



# മഷി തീരും മുമ്പേ....

വിവര സാങ്കേതികവിദ്യയുടെ അനന്ത വിഹായസ്സിലേക്ക്
കേരളത്തിലെ സാധാരണ കുഞ്ഞുങ്ങളുടെ സ്വപ്നങ്ങൾ
വർണ്ണപ്പട്ടങ്ങളായി പറന്നുയരാൻ തുടങ്ങിയത്2018ജനുവരി
22ന്....ഭാവിയുടെ ഇലക്ട്രോണിക് യുഗത്തിന്റെ
വെള്ളിനൂലിൽ വൈരമുത്തുകൾ പോലെ കോർക്കപ്പെ
ടേണ്ട കൊച്ചു സാങ്കേതിക വിദഗ്ധർക്കും... വിസ്മയലോകത്തെ
ചൂണ്ടുവിരലില
പിന്തുണയും നൽകുന്ന വിദ്യാഭ്യാസ വകുപ്പിനും , അധ്യാപകർക്കും....മറ്റ്
അണിയറപ്രവർത്തകർക്കും

നന്ദി....
നന്ദി....
നന്ദി....

